## കവിത

# എന്നിലേക്കുള്ള വഴി

▸ പി.ആർ രതീഷ്

എത്ര മതിലുയർത്തിയാലും
വാതിലടച്ചാലും
മനസ്സിന്റെ അവസാനത്തെ
ജാലകമടച്ചാലും
ഒരുനാൾ,
ഇറങ്ങിവരേണ്ടിവരും
എന്നിലേക്ക്
ഓരോ നിമിഷവും നീ പിൻവാങ്ങുന്നത്
നിന്നിലെ,
എന്നിലേക്കാണല്ലോ.

•



# എളുപ്പത്തിന്

▸ സമീറ നസീർ

ഹൃദയത്തിൽ വരച്ചിട്ട
സ്വപ്നങ്ങൾക്ക്
നിറക്കൂട്ടൊരുക്കുമ്പോൾ
കട്ടികൂടാതെ നോക്കണം
സ്വപ്നങ്ങളുടെ ഭംഗി
നഷ്ടപ്പെടാതിരിക്കാൻ
അതാവും നല്ലത്
മായ്ക്കേണ്ടിവന്നാലും
എളുപ്പമാവും.

•